പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5725 — 3/11/2016 ൽ മറുപടിക്ക്

## പശു, ആട്, കോഴി, താറാവ് എന്നിവയ്ക്ക് ഇൻഷ്വറൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കോവൂർ കുഞ്ഞുമോൻ: | **അഡ്വ .കെ.രാജു**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).** |
| എ) പശു, ആട്, കോഴി, താറാവ് എന്നിവയ്ക്കായി സംസ്ഥാന സർക്കാർ സഹായത്തോടെ എന്തെങ്കിലും ഇൻഷ്വറൻസ് പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി താറാവ് ഇൻഷ്വറൻസ് ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമേ ഈ സാമ്പത്തിക വർഷം സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനമൊട്ടാകെ താറാവ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന നടപടികൾ പുരോഗമിക്കുന്നു. ആയതിന് 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇതിനായി നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് കീഴിൽ ലൈവ്സ്റ്റോക്ക് ഇൻഷ്വറൻസ് പദ്ധതിയ്ക്കായി 104 ലക്ഷം രൂപ കേന്ദ്രസർക്കാർ റിലീസ് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർ നടപടികൾ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചു വരുന്നു. കോഴികളെ ഇൻഷ്വർ ചെയ്യുന്നതു സംബന്ധിച്ച പദ്ധതികളൊന്നും നിലവിലില്ല. |
| ബി) ആപ്കോസ് സഹകരണ സംഘങ്ങളിൽ മെമ്പർഷിപ്പ് ഇല്ലാത്തവരും എന്നാൽ വർഷങ്ങളായി ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്നവരുമായ കർഷകരെ സംഭരണ , വിതരണ ശൃംഖലയുടെ ഭാഗമാക്കി മാറ്റാൻ സർക്കാർ ചെയ്യാനുദ്ദേശിക്കുന്നത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബി) ആനന്ദ് മാതൃകാ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ നിലവിലുള്ള നിയമാവലി പ്രകാരം ക്ഷീരസംഘങ്ങളിൽ 120 ദിവസങ്ങൾക്കുള്ളിൽ 90 ദിവസമെങ്കിലും പാൽ നൽകിയെങ്കിൽ മാത്രമെ മെമ്പർഷിപ്പ് നൽകുവാൻ വ്യവസ്ഥയുള്ളൂ. മുഴുവൻ ക്ഷീരകർഷകരേയും ക്ഷീരസംഘങ്ങളിൽ അംഗങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | നാടൻ ജനുസ്സുകളുടെ പ്രജനനത്തിനും പ്രചരണത്തിനും സംരക്ഷണത്തിനും എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; ഇതിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ; | സി) | നിലവിലുണ്ട്.<br>നാടൻ ജനുസ്സിൽപ്പെട്ട മലബാറി ആടുകളുടെ പ്രജനനത്തിനും പ്രചരണത്തിനും സംരക്ഷണത്തിനുമായി കണ്ണൂർ ജില്ലയിലെ കൊമേരി ആട്ടുവളർത്തൽ കേന്ദ്രം ആർ.കെ.വി.വൈ. പദ്ധതിയിൽ ശാക്തീകരിച്ച് വരുന്നു. നാടൻ ജനുസ്സിൽപ്പെട്ട മലബാറി ആടുകളുടെ പ്രജനനത്തിനും പ്രചരണത്തിനും സംരക്ഷണത്തിനുമായി "രാഷ്ട്രീയ ഗോകൽ മിഷൻ" എന്ന പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതിയും നിലവിലുണ്ട്. കാസർഗോഡ് ജില്ലയിൽ ബേഡടുക്കയിൽ പുതിയ ആട്ടുവളർത്തൽ കേന്ദ്രം തുടങ്ങുവാനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.<br>സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നാടൻ ജനുസ്സുകളുടെ സംരക്ഷണം ലക്ഷ്യമിട്ട് കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പ് കാസർഗോഡ് ബദിയഡുക്കയിൽ ഒരു ഫാം ആരംഭിച്ചിട്ടുണ്ട്.<br>കേരളത്തിന്റെ നാടൻ കന്നുകാലി ജനുസ്സുകളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നീ ഇനം പശുക്കളെ വളർത്തുന്ന കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10000/-രൂപാ കേരള കന്നുകാലി വികസന ബോർഡ് (KLDB) നൽകുന്നുണ്ട്. കേന്ദ്രപദ്ധതിയായ " രാഷ്ട്രീയ ഗോകുൽ മിഷൻ " പദ്ധതി മുഖേന ഒരു വർഷം ഇപ്രകാരം 300 കർഷകർക്ക് ധനസഹായം നൽകി വരുന്നുണ്ട്. |
| ഡി) | കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി ഏതെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | ഡി) | പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.<br>ലൈവ്സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ, നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ, ലൈവ്സ്റ്റോക്ക് സെൻസസ്, ആനിമൽ ഹസ്ബൻട്രി സ്റ്റാറ്റിസ്റ്റിക്സ് & സാമ്പിൾ സർവ്വേ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>➢ ലൈവ്സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ എന്ന പദ്ധതി ദേശീയവും സാമ്പത്തികവുമായി പ്രാധാന്യമുള്ള കന്നുകാലി-പക്ഷി രോഗ നിയന്ത്രണം ലക്ഷ്യമിട്ടിട്ടുള്ളതാണ്. ഇതിനായി 23.25 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>➢ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ- മൃഗസംരക്ഷണ മേഖലയിലെ ഉൽപ്പാദന വർദ്ധനവും കർഷകരുടെ വരുമാന മാർഗ്ഗവും ലക്ഷ്യമിടുന്നു. ഈ പദ്ധതിയ്ക്കായി 37.56 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>➢ ലൈവ്സ്റ്റോക്ക് സെൻസസ് 5 വർഷത്തിലൊരിക്കൽ എടുക്കുന്ന കന്നുകാലി- |

പക്ഷി സമ്പത്തിന്റെ കണക്കെടുപ്പാണ്. ഇതിനായി 2.76 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

- ആനിമൽ ഹസ്ബൻട്രി സ്റ്റാറ്റിസ്റ്റിക്സ് & സാംപിൾ സർവ്വേ വഴി പാൽ, മാംസം, മുട്ട തുടങ്ങിയവയുടെ ഉൽപാദനത്തിന്റെ കണക്ക് സാമ്പിൾ സർവ്വേകളിലൂടെ കണ്ടെത്താൻ ലക്ഷ്യമിടുന്നു. 225 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഇതിനായി സമർപ്പിച്ചിട്ടുണ്ട്.

കന്നുകാലി പ്രജനനത്തിനായുള്ള സംസ്ഥാന ആക്ഷൻ പ്ലാൻ (അടങ്കൽ തുക 98.67 കോടി രൂപ) കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി കേരള കന്നുകാലി വികസന ബോർഡ് (KLDB) സമർപ്പിച്ചിട്ടുണ്ട്.

**ക്ഷീര വകുപ്പ് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.**

1. RIDF പദ്ധതി പ്രകാരം പട്ടണക്കാട് മിൽക്ക് പ്രോഡക്റ്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.
2. RIDF പദ്ധതി പ്രകാരം ഓച്ചിറ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന കേന്ദ്രത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി.
3. കൊല്ലം വിളക്കുപാറയിൽ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് കം ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.
4. ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തെ സെന്റർ ഫോർ എക്സലൻസ് ഇൻ ഫുഡ് സേഫ്റ്റി സ്റ്റാന്റേർഡ്സ് ആയി ഉയർത്തുന്നതിനുള്ള പദ്ധതി.
5. അടൂർ അമ്മകണ്ടംകരയിലെ ഓച്ചിറ ക്ഷീരപരിശീലനകേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി.

സെക്ഷൻ ഓഫീസർ